# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി9)2132/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി9)2132/2022. തീയ്യതി: 28/03/2023

## തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-05-2022 മുതൽ 03-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 05-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജോമോൻ ഇ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിദ്യ ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ടി ജോൺസൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അനിത എ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| സൂര്യകുമാരി എസ് | സെക്രട്ടറി | 08-04-2021 | 05-11-2021 |
| എം.ബി ശ്രീനിവാസൻ (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2021 | 21-11-2021 |
| സൂര്യകുമാരി എസ് | സെക്രട്ടറി | 22-11-2021 | 31-03-2022 |
| അനിത എ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 30-09-2021 |
| ശ്രീനിവാസൻ എം.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇഖ്ബാൽ പി.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| നിഖിത ഒ.എം | കൃഷി ഓഫീസർ | 01-04-2021 | 20-12-2021 |
| പ്രതീഷി വി.എസ് | കൃഷി ഓഫീസർ | 21-12-2021 | 08-02-2022 |
| നിഖിത ഒ.എം | കൃഷി ഓഫീസർ | 09-02-2021 | 31-03-2022 |
| ഗീത പി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 12-11-2021 |
| സൗമ്യ പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-11-2021 | 31-01-2022 |
| വസുമതി കെ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-02-2022 | 31-03-2022 |
| എം.എ സ്മിത | വി ഇ ഒ (കാരമുക്ക് സർക്കിൾ) | 01-04-2021 | 31-03-2022 |
| സിന്ധു കെ | വി ഇ ഒ (കാഞ്ഞാണി സർക്കിൾ) | 01-04-2021 | 31-03-2022 |
| ജയദീപ് ടി | മണലൂർ സർക്കിൾ | 01-04-2021 | 09-02-2022 |
| എം.എ സ്മിത | മണലൂർ സർക്കിൾ | 10-02-2022 | 31-03-2022 |
| ഡോ.അജയ് രാജൻ | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 01-04-2021 | 13-09-2021 |
| ഡോ.റാണ എം എസ് | മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 14-09-2021 | 07-03-2022 |
| ഡോ.അജയ് രാജൻ | മെഡിക്കൽ ഓഫീസർ ( | 08-03-2022 | 31-03-2022 |

| | | | |
|---|---|---|---|
| | (കുടുംബാരോഗ്യ കേന്ദ്രം)) | | |
| ഡോ.റോയ് ജോസഫ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 10-11-2022 |
| ഡോ.ലിറ്റി ടോം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-11-2021 | 21-12-2021 |
| ഡോ.ഷാബു കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-12-2021 | 31-03-2022 |
| ഡോ. ധന്യ വി.ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-08-2021 |
| ഡോ. ഫ്രാൻസിസ് പി.എ | വെറ്ററിനറി സർജൻ | 01-09-2021 | 09-11-2021 |
| ഡോ. അഞ്ജു അന്ന ജെയിംസ് | വെറ്ററിനറി സർജൻ | 10-11-2021 | 31-03-2022 |
| പ്രമീള സി | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, മണലൂർ) | 01-04-2021 | 31-03-2022 |
| അജിത പി.കെ | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, കണ്ടശ്ശാംകടവ്) | 01-04-2021 | 31-03-2022 |
| ശ്രീജ വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 11-04-2021 |
| മഞ്ജുഷ ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-04-2021 | 18-07-2021 |
| മായ കെ ബാബുരാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 21-02-2022 |
| ഷീല ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 22-02-2022 | 31-03-2022 |
| ജോയ്നി ജേക്കബ്ബ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തുനികുതി-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-3 |
| 13 | ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിച്ചത്-അംഗീകരിക്കുന്നില്ല | 1-10-5 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ | 1-10-6 |
| 16 | വരവ് രജിസ്റ്ററുകൾ-കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10-7 |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-8 |
| 18 | "280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-10-9 |
| 19 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-10-10 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-11 |
| 21 | മുൻകൂർ - രേഖകൾ ഇല്ല | 1-10-12 |
| 22 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-13 |
| 23 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-10-14 |
| 24 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-10-15 |
| 25 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല. | 1-10-16 |
| 26 | Capital Work In Progress-വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-10-17 |
| 27 | വായ്പ വരവ് -കൃത്യത പരിശോധിക്കേണ്ടതാണ്. | 1-10-18 |

| | | |
|---|---|---|
| 28 | സ്റ്റോക്കിന്റെ ഭൗതിക മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-19 |
| 29 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-11 |
| 30 | തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചു. | 1-12 |
| 31 | രശീതി അപാകങ്ങൾ | 1-13 |
| 32 | 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല. | 1-14 |
| 33 | ക്രമവത്കരിക്കന്ന കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നില്ല | 1-15 |
| 34 | ഒക്യുപൻസി സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. | 1-16 |
| 35 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-17 |
| 36 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-18 |
| 37 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം | 1-19 |
| 38 | വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. | 1-20 |
| 39 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-21 |
| 40 | ധനകാര്യ കമ്മീഷൻ അവാർഡ്--വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല. | 1-22 |
| 41 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 1-23 |
| 42 | ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം | 1-24 |
| 43 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-25 |
| 44 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ അപാകതകൾ | 1-26 |
| 45 | പദ്ധതികൾ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തില്ല. | 1-27 |
| 46 | പഞ്ചായത്തിൽ മൊബൈൽ സിഗ്നൽ ബൂസ്റ്റർ സ്ഥാപിക്കൽ-നടപടിക്രമങ്ങൾ പാലിച്ചില്ല | 1-28 |
| 47 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ | 1-29 |
| 48 | തെരുവു വിളക്ക് സാമഗ്രികൾ -സ്റ്റോക്കിൽ വ്യത്യാസം | 1-30 |
| 49 | കരാറുകൾ ആധികാരികമായി ചമക്കുന്നില്ല | 1-31 |
| 50 | പ്രൈസ് സോഫ്റ്റ്വെയറിൽ അപാകത | 1-32 |
| 51 | ചാലിശ്ശേരി കുളം നവീകരണം - അപാകതകൾ | 1-33 |
| 52 | സംശുദ്ധസേവനങ്ങൾക്ക് ജി. എസ്. റ്റി. അടവാക്കി | 1-34 |
| 53 | ലൈബ്രറി കെട്ടിടനിർണം-അപാകതകൾ | 1-35 |
| 54 | എസ്. സി. വ്യവസായകേന്ദ്രം-കമ്മ്യൂണിറ്റി ടോയ്ലറ്റ്-നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല-നഷ്ടം-1500/രൂപ | 1-36 |

| | | |
|---|---|---|
| 55 | വഞ്ചിക്കടവ് കുടിവെള്ളപദ്ധതി-ത്വരിതപ്പെടുത്തേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ് | 1-37 |
| 56 | ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ ചോർച്ച | 1-38 |
| 57 | മരാമത്ത് പദ്ധതിപ്രവർത്തനം, പദ്ധതിച്ചെലവ് | 1-39 |
| 58 | തൊഴിലുറപ്പ് പദ്ധതിപ്രവർത്തനം | 1-40 |
| 59 | കപാറി മക്ക്- പ്രൈസ് സോഫ്റ്റ് വെയർ, തൊഴിലുറപ്പുനിക്ക് റേറ്റുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-41 |
| 60 | മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്താതെ വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റി | 1-42 |
| 61 | പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർറോളിൽ ഒപ്പിട്ട് വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റി | 1-43 |
| 62 | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ് | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളിവേതനം കൈപ്പറ്റി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 24/02/2021 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 306763302 | 299076328 |
| റിവൈസ്ഡ് ബജറ്റ് | | |
| റിവൈസ്ഡ് ബജറ്റ് - പാസ്സാക്കിയ തിയതി | 23.03.22 | |
| കമ്മിറ്റി തീരുമാനം | 2 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 261500008 | 248920234 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.10.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 87,33,936.70 |
| വരവ് | 9,49,70,870 |
| ആകെ | 10,37,04,806.7 |
| ചെലവ് | 9,06,75,955 |
| നീക്കിയിരിപ്പ് | 1,30,28,851.70 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 18777154 | 18777154 | 18015484 | 761670 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 8861667 | 8861667 | 7647264 | 1214403 |
| വികസന ഫണ്ട് – ടി.സി.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 13257032 | 13257032 | 11746060 | 1510972 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | | 6773398 | 6773398 | 4687703 | 2085695 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം)- | 0 | 8356272 | 8356272 | 4886610 | 3469662 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (ACR പ്രകാരം) | 0 | 4940622 | 4940622 | 5114495 | -173873 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 198 | 108738409 | 150 | 64879828 | 14 | 34 | 75.75 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9269 | 772598 | 781867 | 770314 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30464678 | 30464678 | 30464678 | 0 |

* 11553/- രൂപ സംസ്ഥാന മിഷൻ ഡയറക്ടേറ്റിലേക്ക് തിരിച്ചടച്ചു

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10892400 | 689 |
| വിധവാ പെൻഷൻ | 22114200 | 1428 |
| വാർദ്ധക്യകാല പെൻഷൻ | 47240100 | 3234 |
| വികലാംഗ പെൻഷൻ | 6309400 | 403 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2632800 | 171 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.12.2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48919/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-10-2 വസ്തുനികുതി-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3860288 | 3825179 | 26055 | 9954 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3860288 | 3825179 | 26055 | *9954 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 10454/105X100)= 9956<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1975343 | 1919698 | 23136 | 34071 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | 1975343 | 1919698 | 23136 | *34074 |

| | | | | |
|---|---|---|---|---|
| പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 35778 /105X100)= 34074 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 25098 | 8802 | 16298 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *24520 | 8802 | **16301 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7075+18671.=25746/105*100) =24520 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (17117/105X100)=16301 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 50688 | 880 | 49808 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 50698 | 880 | 49808 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(13563+39662=.53225 /105*100)=50690 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(52300/105X100)= 498809,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് |

| | | | |
|---|---|---|---|
| | | | ഷെഡ്യൂൾ ബി-15) |

2.3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2021-22 വർഷത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിൽ 182 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 291375 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 293909 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 299792 രൂപയാണ്.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)115649രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 5507 (115649/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 5518രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-5 അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പിച്ചത്-അംഗീകരിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 5693 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100289 | 31.3.22 | 1918 |

2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100290 | 31.3.22 | 3775 |

## 1-10-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -ഡിമാന്റ് ഒറ്റത്തവണ

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 758232 | 1.4.21 | 431400101 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 വരവ് രജിസ്റ്ററുകൾ-കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3. ലൈബ്രറി രജിസ്റ്റർ

4.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-8 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-9 "280000000-Prior Period Item"-വൗച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ

ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1918 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (2460) |
| 280200102-Prior Period Income-Professional Tax-Traders | (6250) |
| 280100105-Prior Period Income-Service Cess On Residential Buildings | (657) |
| 280100106-Prior Period-service Cess On Non-residential Buildings | 380 |
| 280800201-Prior Period-Administrative Expenses | 176914 |
| 280800701-Prior Period-Miscellaneous Expenses | (258250) |

## 1-10-10 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4294915 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13860783 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-12 മുൻകൂർ - രേഖകൾ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ

മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 344130 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Traders | 264300 |
| 3 | ഫാം ലൈസൻസ് | 350410303-Advance Collection Of Revenues-Live Stock Farm Licence | 1300 |

## 1-10-13 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6881609 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-14 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തികൾക്ക് 396199രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation (495919) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർവർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-10-15 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-10-16 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

| ക്ര.ന | ബാങ്ക് | 31/3/22 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1. | ടി പി അക്കൗണ്ട് (പാസ്ബുക്ക് ഹാജരാക്കിയില്ല) | 26683 |
| 2. | കാനറ ബാങ്ക് സാക്ഷരത (പാസ്ബുക്ക് ഹാജരാക്കിയില്ല) | 1658 |
| 3 | വിപിഎഫ് III(പാസ്ബുക്ക് ഹാജരാക്കിയില്ല) | 4500 |
| 4 | എസ് ബി ടി എസ്.എസ്.എ (പാസ്ബുക്ക് ഹാജരാക്കിയില്ല) | 50399 |
| 5 | CFC ഗ്രാന്റ് പി എഫ് എം എസ് | 5356522 |

| | ജനറൽ | |
|---|---|---|

## 1-10-17 Capital Work In Progress-വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 6741106രൂപയാണ്. ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-10-18 വായ്പ വരവ് -കൃത്യത പരിശോധിക്കേണ്ടതാണ്.

330500201- Loan From KURDFC" ശീർഷകത്തിലുള്ള വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലുള്ള ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. Ledger പ്രകാരം 100000 രൂപ (വൗച്ചർ നം 121040900336/22.12.2021)വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. തെറ്റായി രേഖപ്പടുത്തിയതാണെങ്കിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-10-19 സ്റ്റോക്കിന്റെ ഭൗതിക മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം തെരുവ് വിളക്കുസാമഗ്രികൾ നീക്കിയിരിപ്പുണ്ട്. അവയുടെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-11 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

താഴെചേർക്കുന്ന കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ പ്രകാരം 5 മീറ്ററിലധികം വീതിയുള്ള റോഡിൽ നിന്നും കെട്ടിടങ്ങൾക്ക് പ്രവേശനമാർഗ്ഗമുണ്ട്. ടി കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ബാധകമാക്കാതെയാണ് 2021-22വർഷത്തെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

1) ശ്രീ. ആഗസ്, അതിയുന്തൻ കാരമുക്ക് എന്നവരുടെ 08.06.2021 ലെ അപേക്ഷ പരിഗണിച്ച് 212.82 ച.മീ. തറവിസ്തീർണമുള്ള വാസഗൃഹത്തിന്റെ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചു നൽകിയിട്ടുണ്ട്. -കെട്ടിട നം. 15/20 A , റോഡ് - കാരമുക്ക്- അഞ്ചങ്ങാടി - വീതി 5 മീറ്റർ

2) ശ്രീ. ദേവസ്സി, ശ്രീമതി സെലീന എലുത്തിങ്കൽ എന്നവരുടെ 13.08..2021 ലെ അപേക്ഷ പരിഗണിച്ച് 213.72 ച.മീ. തറവിസ്തീർണമുള്ള വാസഗൃഹത്തിന്റെ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചു നൽകിയിട്ടുണ്ട്. -കെട്ടിട നം. 12/463 B, റോഡ് - കാരമുക്ക്- വിളക്കുംകാൽ- വീതി 5 മീറ്റർ

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിടനം | തറവിസ്തീർണം | അടിസ്ഥാന വസ്തുനികുതി(@7) | ഈടാക്കിയ നികുതി | 20% വർദ്ധനവ് | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 15/20 എ | 212.82 ച.മീ. | 1490 | 1490 + L.C.+ S.C | 298 | 1788+ L.C. + S.C |
| 12/463 ബി | 213.72 ച.മീ. | 1497 | 1497+ L.C.+ S.C | 299 | 1796+ L.C. + S.C |

L.C.= Library Cess(5%)

S.C = Service Cess(10%)

(ഓഡിറ്റ് എൻക്വയറി നം. 25/ 13.12.2022)

ഓഡിറ്റ് എൻക്വയറി നൽകിയതിന് നികുതി നിർണയത്തിൽ സംഭവിച്ച അപാകത തിരുത്തി വസ്തുനികുതി പുനർനിർണയിക്കുമെന്ന് മറുപടി നല്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിത കെട്ടിടങ്ങൾ കൂടാതെ മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം സംബന്ധിച്ച് അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആയതനുസരിച്ച് വസ്തുനികുതി പുനർനിർണയിക്കേണ്ടതുമാണ്.

## 1-12 തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചു.

A) 2021-22 വർഷത്തെ ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്ററർ പ്രകാരം 'We Nine Marketing, Pvt. Ltd., കാഞ്ഞാണി എന്ന സ്ഥാപനം (കെട്ടിട നം. 8/614 A) സൂപ്പർമാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയ

സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.നു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ /റസ്റ്റോറന്റുകൾ/ഷോപ്പുകൾ/ഗോഡൗണുകൾ' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. കെട്ടിട വിസ്തീർണം - 292.56 ച.മീ. ടി കെട്ടിടം സ്ഥല പരിശോധന നടത്തിയതിനു ശേഷം 'സൂപ്പർമാർക്കറ്റ് ' ആയി പ്രവർത്തിക്കിക്കുന്നുണ്ടെങ്കിൽ ഉചിതമായ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിക്കേണ്ടതാണ്.

B) 2021-22 വർഷത്തെ ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്ററർ പ്രകാരം 'തൃശ്ശൂർ താലൂക്ക് ചെത്തുതൊഴിലാളി സഹകരണ സംഘം ക്ലിപ്തം നം. 4137, അന്തിക്കാട് പി.ഒ' എന്ന സ്ഥാപനം (കെട്ടിട നം. ) സൂപ്പർമാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം കെട്ടിട വിസ്തീർണം - 45.375 ച.മീ. ലൈസൻസിനുള്ള അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം - 1000 സ്ക്വയർ ഫീറ്റ്. വിസ്തീർണം സംബന്ധിച്ച് സ്ഥല പരിശോധന നടത്തിയതിനു ശേഷം ആയതനുസരിച്ച് വസ്തുനികുതി പുനർനിർണയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/ 13.12.2022)

ഓഡിറ്റ് എൻക്വയറി നൽകിയതിന് സ്ഥല പരിശോധന നടത്തിയതിനു ശേഷം നികുതി നിർണയത്തിൽ സംഭവിച്ച അപാകത തിരുത്തി വസ്തുനികുതി പുനർനിർണയിക്കുമെന്ന് മറുപടി നല്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 രശീതി അപാകങ്ങൾ

1. ലൈബ്രറി രശീതികൾക്ക് ഇരു വശവും പതിയുന്ന കാർബൺ ഉപയോഗിച്ചിട്ടില്ല

2. ലൈബ്രറി രശീതികൾക്ക് മെഷീൻ നമ്പറിംഗ് ഉള്ള രശീതികൾ ഉപയോഗിക്കുന്നില്ല

3. ലൈബ്രറി രശീതി വർഷ്യാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

4. പൊതുശ്മശാനം - വരവിനത്തിൽ 652500/- രൂപ വരവുണ്ട്. എന്നാൽ ടി വരവുകളുടെ ഡിമാന്റിന്റെയും കളക്ഷന്റെയും കൃത്യത പരിശോധിക്കാൻ സാധിക്കുന്ന തരത്തിൽ രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 31/ 13.12.2022)

ഓഡിറ്റ് എൻക്വയറി നൽകിയതിന് അപാകങ്ങൾ പരിഹരിക്കുമെന്നാണ് മറുപടി നല്കിയത്. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-14 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല.

2021-22 വർഷ കാലയളവിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതിൽ താഴെ ചേർക്കുന്ന ലൈസൻസികൾ ഫാക്ടറി- വ്യാപാര ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം | ലൈസൻസി | വ്യാപാരം |
|---|---|---|---|
| 1. | 8/377,378 | മാവേലി സ്റ്റോർ | മാവേലി സ്റ്റോർ, കാഞ്ഞാണി |
| 2. | 8/363 | സജിനി മണികണ്ഠൻ | ടീ ഷോപ്പ് |
| 3. | 8/350 | ഗീത കാരോത്ത് | ഡോണ ഫുട്‌വെയർ |
| 4. | 8/351 | ജോണി നീലങ്കാവിൽ | ജോൺസ് ഫുട്‌വെയർ |
| 5. | 8/356 A | ലിസി ഇഗ്നേഷ്യസ് | ധന്യ മൊബൈൽസ് |
| 6. | 8/384 A | പോൾ ചിരിയങ്കണ്ടത്ത് | ട്യൂഷൻ സെന്റർ |
| 7. | 8/384 C | ഗ്ലാന്റോ നീലങ്കാവിൽ | അക്ഷയകേന്ദ്രം |
| 8. | 8/349 | സെക്രട്ടറി, കുടുംബശ്രീ കാന്റീൻ | കുടുംബശ്രീ കാന്റീൻ |

ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 30/13.12.2022) മേൽ സ്ഥാപനങ്ങൾ 2022-23 വർഷത്തേക്ക് ലൈസൻസ്

എടുത്തിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ക്രമവത്കരിക്കുന്ന കെട്ടിടങ്ങൾക്ക് ക്രമവത്ക്കരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നില്ല

1) കേ.പ.രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 32/13.12.2022)

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ അപാകം പരിഹരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-16 ഒക്യുപൻസി സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

കേ.പ.രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20(3) പ്രകാരം പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നിർമാണമോ കൂട്ടിച്ചേർക്കലോ പെർമിറ്റിൻ അനുസരിച്ചാണെന്ന് ബോധ്യപ്പെട്ടാൽ 15 ദിവസത്തിനു മുമ്പായി അനുബന്ധം F2 ഫോറത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനിന്റെ പകർപ്പും നൽകേണ്ടതാണ്. എന്നാൽ ഫയലുകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകളില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടെന്നാണ് അറിയിച്ചത്. ടി സർട്ടിഫിക്കറ്റ് ഫയലിലും സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 32/13.12.2022)

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ അപാകം പരിഹരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-17 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. പഞ്ചായത്തിൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തുടർനടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു കൂടാതെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ ഫയലുകളിൽ ചട്ടലംഘനമുള്ളവയ്ക്ക് നോട്ടീസ് നൽകിയവയിൽ അപാകത പരിഹരിക്കാത്ത കേസുകളിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 32/13.12.2022)

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ അപാകം പരിഹരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-18 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

A) സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റു അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പെടുത്തേണ്ടതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്.

പരിശോധിച്ച പെർമിറ്റ് ഫയലുകളിൽ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

B) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ടി രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. പെർമിറ്റിന്റെ കാലയളവ്, വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-19 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 110 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11 തി.7/12/22ന് ലഭ്യമാക്കിയ മറുപടി പ്രകാരം സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിൽ 1008 വളർത്തു നായ്ക്കളുണ്ടെന്നും, 562 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട 10080 രൂപയിൽ 1100 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) 1998 ചട്ടം 4 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈകോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം.RC3/241 /ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 1-20 വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-8-AU/8475 മഹീന്ദ്ര ബൊലേറോ ജീപ്പ് കയ്യൊഴിക്കുന്നതിനുള്ള കാലാവധി പൂർത്തിയായിട്ടുള്ളതായി കാണുന്നു. 2011ൽ വാങ്ങിയ ഈ വാഹനം പതിനൊന്ന് വർഷം കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വാഹനം നാളിതു വരെയായി രണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അറനൂറ്റിയമ്പത്തിയഞ്ച് കിലോമീറ്റർ ഓടിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലത്ത് അറ്റകുറ്റപണികൾക്കും, മറ്റുമായി 2,14,676/- രൂപ ചെലവ് വന്നിട്ടുണ്ട്, വാഹനത്തിന്റെ ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് പ്രകാരം വിപണി മൂല്യം കേവലം 1,41,750/- രൂപ മാത്രമാണ്. വാഹനം നിലനിർത്തുന്നത് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. 16-10-2019 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ)നം 45/19/പൊതുമരാമത്ത് വകുപ്പ് പ്രകാരം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷക്കാലത്തെ അറ്റകുറ്റപണികൾക്കു വേണ്ടിവരുന്ന ചെലവ് വാഹനത്തിന്റെ വിപണി മൂല്യത്തെ അധികരിച്ചാലും, വാഹനം പത്ത് വർഷം കാലാവധി പൂർത്തിയാക്കിയാലും വാഹനം കൈയ്യൊഴിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി പൊതുമരാമത്ത് സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന്റെ സാധൂകരണത്തോടെയും, അഭിപ്രായത്തിന് വിധേയമായും വാഹനം കയ്യൊഴിക്കുന്നത് അനിവാര്യമാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) പ്രതിമാസ സംഗ്രഹം ശരിയായി എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

3) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല. തന്മൂലം ഇന്ധന നീക്കിയിരുപ്പായി ലോഗ് ബുക്കിൽ കാണിച്ചിരിക്കുന്നത് വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ കവിയുന്ന വിധത്തിലാണ്. ഇത് തെറ്റായ രീതിയാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്ധ്യോഗസ്ഥൻ ലോഗ് പുസ്തകം പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ലായെന്ന് കാണുന്നു.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/07.12.22) നിലവിൽ സർക്കാർ നിർദ്ദേശം പ്രകാരം അങ്കണവാടി ആശാവർക്കർമാരെ ചുമതലപ്പെടുത്തിയിട്ടില്ലായെന്നും, അനർഹമായി പെൻഷൻ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അത്തരം ഗുണഭേക്താക്കളുടെ പെൻഷനുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അനർഹമായി പെൻഷൻ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാകാൻ മേലിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ധനകാര്യ കമ്മീഷൻ അവാർഡ്--വകയിരുത്തിയത് മാർഗ്ഗരേഖ പ്രകാരമല്ല.

പദ്ധതി നമ്പർ-so -108/21-22

സുഭിക്ഷ കേരളം- വ്യക്തിഗത ഗുണഭോക്താക്കൾക്ക് കവുങ്ങിൻതൈ വിതരണം

നിർവ്വഹണോദ്ധ്യോഗസ്ഥൻ-കൃഷി ഓഫീസർ

അടങ്കൽ-30,000-ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ്-30,000

ട്രഷറി ബിൽ നം.272/21-2-22

മേൽ പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തി സുഭിക്ഷ കേരളം- വ്യക്തിഗത ഗുണഭോക്താക്കൾക്ക് കവുങ്ങിൻ തൈ വിതരണം നടത്തിയിട്ടുണ്ട് 29-1-18 ലെ സ.ഉ(കെ)നം.11/18 ത.സ്വ.ഭ.വ പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ 6/6 , 17-8-18ലെ തുടർ ഉത്തരവ് നം( എം.എസ് )നം.300/2018/ധന എന്നിവ പ്രകാരം അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വിപുലപ്പെടുത്തുന്നതിനും മാത്രമാണ് ടി ഫണ്ട് ഉപയോഗപ്പെടുത്തേണ്ടത്. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/9-12-22ന് ലഭ്യമാക്കിയ മറുപടി പ്രകാരം25-2-21 ലെ സ.ഉ.(സാധാ) നം 591/2021 പ്രകാരം വികസന ഫണ്ട് വിനിയോഗിക്കാവുന്ന പദ്ധതിയായതിനാലാണ്. ടി ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിൽ മാർഗ്ഗരേഖ നിർദ്ധേശങ്ങൾ പാലിച്ചുകൊണ്ട് ഫണ്ടുകൾ അത് വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കാനായി തന്നെ വിനിയാഗിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-23 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

പഞ്ചായത്തിൽ നിലവിൽ മുപ്പത്തിരണ്ട് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത്തിയൊൻപതെണ്ണത്തിനാണ്, രണ്ടെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരെണ്ണം വാടക ഇല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇരുപത്തിയൊന്നെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി. കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് ഇരുപത്തിയെട്ടെണ്ണത്തിനാണ്. നാലെണ്ണത്തിൽ കിണർ/പൊതുടാപ്പ് വെള്ളം ഉപയോഗിക്കുന്നു.

ബേബി ഫ്രണ്ടിലിയായ അങ്കണവാടി കേവലം ഒരെണ്ണം മാത്രമാണെന്നതും,അതിൽ തന്നെ ടോയ് ലറ്റിന്റെ പണി പൂർത്തിയാക്കാത്തത് കാരണം ഉപയോഗിക്കാനാവാത്ത സ്ഥിതിയിലാണെന്നതും പോരായ്മയാണ്, പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചു കാണുന്നില്ല, നം.73 ദീപശിഖ അങ്കണവാടിയുടെ മുകളിലേക്ക് കാലപഴക്കം ചെന്ന തെങ്ങ് ചാഞ്ഞു നിൽക്കുന്നുണ്ട്, മുകളിൽ ചോർച്ച കാരണം ചുമരുകളും സ്വിച്ച് ബോർഡും നനഞ്ഞ് ഷോക്കിനുള്ള സാധ്യത കാണുന്നു. കൂടാതെ തൊട്ടടുത്ത് ക്ഷേത്രകുളമുള്ളതും, ചുറ്റുമതിലില്ലാത്തതും അപകട സാധ്യതയുണ്ടാക്കുന്നുണ്ട്.നം 82 ശ്രീകല അങ്കണവാടിയുടെ മുകളിലെ കോൺക്രീറ്റ് ദുർബലാവസ്ഥയിലാണ് പ്ലാസ്റ്ററിങ്ങ് അടർന്ന് ചോർച്ചയും കാണുന്നുണ്ട്, ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം

2021-22 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ മൃഗ വളർത്തൽ പദ്ധതികളിലായി നിരവധി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്, പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്നും, ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ടി പരിശീലനം നേടിയവർ ഉണ്ടോയെന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11 (7/12/22)ന് ലഭ്യമാക്കിയ മറുപടി പ്രകാരം അത്തരം പരിശീലനം നൽകിയിട്ടില്ലെന്നും, എന്നാൽ വെറ്റിനറി സർജന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ടെന്നുമാണറിയിച്ചിട്ടുള്ളത്. വകുപ്പു തല പരിശീലനം ലഭ്യമായിട്ടുള്ള ആരും തന്നെയില്ലായെന്നാണ് ഓഡിറ്റ് നിരീക്ഷിക്കുന്നത്.

പദ്ധതികളുടേയും, ഗുണഭോക്താക്കളുടെയും ബാഹുല്യം കൊണ്ട് മാത്രം പദ്ധതികൾ വിഭാവനം ചെയ്യുന്ന മുഴവൻ ലക്ഷ്യവും കൈവരിക്കാൻ സാധിക്കില്ല, മികച്ച രീതിയിലുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകൾ ഗുണഭോക്താക്കൾ കൈവരിക്കുന്നതിനായുള്ള മേൽ നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | വൌച്ചർ നമ്പർ/തീയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 1/22 ഐ കെ എം-ന് | 79310 | 22101229 5.10.21 | 1 Km - ന്റ വിനിയോഗ |

| | | | | |
|---|---|---|---|---|
| | വിഹിതം നൽകൽ | | | സാക്ഷ്യപത്രം |
| 2 | 2/22 – കാൻ തൃശ്ശൂർ വിഹിതം കൈമാറൽ | 80000 | 22101625 | ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 3 | 237/22 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22102270 | 26.3.22 | KSEB – യുടെ കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം |

ഓഡിറ്റ് എൻക്വയറി നൽകിയതിന് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
മേൽ പരാമർശം പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 22/12.12.22).

## 1-26 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ അപാകതകൾ

പ്രൊജക്റ്റ് നം. – 46/22
പ്രൊജക്ടിന്റെ പേര് – ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ
ബിൽ നം. 28/2021-22/തീയതി- 10.8.2021 തുക8,00,000

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റ് പ്രകാരം ഔഷധിയിൽ നിന്നും ആയുർവ്വേദമരുന്നുകൾ വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ നിർമ്മാണതീയതി ഇൻവോയിസ് തീയതിക്ക് ശേഷമാണ് വരുന്നത്.

വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തിയതി | മരുന്നിന്റെ പേര് | നിർമ്മാണ തിയതി | അളവ് (Pkt/BTL) | തുക |
|---|---|---|---|---|---|---|
| 1 | 90225806 | 27.9.2021 | Aragwadharishtam 450 Ml | 10/21 | 45 | (@ Rs.62) 2790 |
| 2 | 90225806 | 27.9.2021 | Vilwadi Lehyam 500gm | 10/21 | 80 | (@ Rs.146) 11680 |
| 3 | 90222418 | 31.8.2021 | Aparajithdhooma Choornam 50gm | 9/21 | 821 | (@ Rs.32) 26272 |

മേൽ പട്ടികയിൽ സൂചിപ്പിച്ച എല്ലാ മരുന്നുകളുടെയും നിർമ്മാണ തീയതി ടാക്സ് ഇൻവോയ്സ് തീയതിക്ക് ശേഷമാണ് വന്നിരിക്കുന്നത്. മരുന്നുകൾ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കുന്ന ഇൻവോയ്സിൽ, ഇൻവോയ്സ് തിയതിയ്ക്കുശേഷമുള്ള തിയതി നിർമ്മാണത്തിയതിയായി രേഖപ്പെടുത്തുന്നത് ശരിയല്ല.

2. ഇൻവോയ്സ് ( 90222418/31.8.2021) പ്രകാരം ഇളനീർകുഴമ്പ് 10gm. എന്ന മരുന്നിന്റെ നിർമ്മാണ തിയതി 2/2021 ഉം എക്സ്പെയറി തിയതി 1/2021 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (4/7.12.22)മറുപടിയിൽ 'വിശദീകരണം ആവശ്യപ്പെട്ട് ഔഷധിക്ക് രജിസ്റ്റേഡ് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന പക്ഷം അറിയിക്കുന്നതാണെന്നും

"അറിയിച്ചിട്ടുണ്ട്.

## 1-27 പദ്ധതികൾ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

| പ്രൊജക്റ്റ് | ഇനം | തുക | വൗച്ചർ നം | ഇൻവോയ്സ് |
|---|---|---|---|---|
| 197/22<br>പഞ്ചായത്ത് ഓഫീസിലേക്ക് ക്യാഷ് കൗണ്ടിംഗ് മെഷീൻ വാങ്ങൽ | ക്യാഷ് കൗണ്ടിംഗ് മെഷീൻ | 16500 | 22102108/25.2.22 | JO43/16.3.22<br>Master ELECTRONIC SYSTEM |
| 173/22<br>പഞ്ചായത്ത് പ്രസിഡണ്ടിന് ലാപ്ടോപ്പ് വാങ്ങൽ | ലാപ്ടോപ്പ് | 55730<br>3270 | 22102092/17.2.22<br>XVFC/2021-22 /P/2/14.3.22 | SAQ1217/11.1.22<br>Security Solutions |
| 199/22<br>ഇ സ്വരാജ് പദ്ധതി നിർവ്വഹണത്തിനായി മോബൈൽ ഫോൺ വാങ്ങൽ | മൊബൈൻ ഫോൺ | 9570 | XvFC/2021-22 /P/3/14.3.22 | Aoooo234/3.2.22<br>Sanvir TechnologiesPvt.lmtd. |

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതും ആർട്ടിക്കിൾ 152 അനുസരിച്ച് അവ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതുമാണ്. മേൽ പറഞ്ഞ ഇനങ്ങൾ അപ്രകാരം സ്റ്റോക്കിലെടുത്തില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ(22/12.12.22) തുടർന്ന് ഇനങ്ങൾ രജിസ്റ്ററിൽ ചേർത്തെങ്കിലും ആയവ ആധികാരികമാക്കുകയോ അവയുടെ വിതരണം വിവരം ചേർക്കുകയോ ചെയ്തിട്ടില്ല.
മേൽ വ്യവസ്ഥകൾ പാലിച്ച് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-28 പഞ്ചായത്തിൽ മൊബൈൽ സിഗ്നൽ ബൂസ്റ്റർ സ്ഥാപിക്കൽ-നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്റ്റ് :236/22-പഞ്ചായത്തിൽ മൊബൈൽ സിഗ്നൽ ബൂസ്റ്റർ സ്ഥാപിക്കൽ

വൗച്ചർ നം /തിയതി-22102312/30.3.22 തുക-22420

ഗ്രാമ പഞ്ചായത്തിൽ മൊബൈൽ സിഗ്നൽ ബൂസ്റ്റർ ഡിവൈസ് സ്ഥാപിക്കൽ പദ്ധതിയിൽ മൊബൈൽ സിഗ്നൽ ബൂസ്റ്റർ വാങ്ങുന്നതിനായി ക്വട്ടേഷൻ സ്വീകരിക്കുന്നതിന് 15.3.22 ലെ പഞ്ചായത്ത് കമ്മിറ്റി യോഗം തീരുമാനം (നം.1(8) എടുത്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, ടാബുലേഷൻ, സപ്ലൈ ഓർഡർ, സ്ഥാപനവുമായി ഏർപ്പെട്ട കരാർ എന്നിവ ലഭ്യമാക്കിയില്ല. Signalpro, കാരമുക്ക് എന്ന സ്ഥാപനത്തിനാണ് തുക കൈമാറിയിരിക്കുന്നത്. (Inv.no.10043/23.3.22). പർച്ചേസ് ബില്ലിൽ സ്റ്റോക്ക് എന്ട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ബൂസ്റ്റർ സ്റ്റോക്കിലെടുത്തിട്ടില്ല.
ഓഡിറ്റ് എൻക്വയറി നൽകിയതിനെ(22/12.12.22) തുടർന്ന് ഇനം രജിസ്റ്ററിൽ ചേർത്തെങ്കിലും ആയവ ആധികാരികമാക്കിയില്ല.
വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്റ്റ് : SO 107/22

മണലൂർ ദീപ്ത ഗ്രാമ പദ്ധതി -എല്ലാ വാർഡുകളിലും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

വൗച്ചർ നം /തിയതി-XVFC/20 21-22/P/4 -18.3.22

തുക-1966509

മണലൂർ ഗ്രാമ പഞ്ചായത്തിൽ 19വാർഡുകളിലും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രവൃത്തി നടത്തിപ്പിനായി അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡുമായിട്ടാണ് കരാറിൽ (10/22 Dtd 29.12.21 )ഏർപ്പെട്ടിരിക്കുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തിയാണ്. ഈ പ്രവൃത്തി നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഇല്ല. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് (ജി ഒ. (പി) നം77/2019 /ഫിൻ തിയതി 4.7.2019 അനുബന്ധം 18 പ്രകാരം) ഇലക്ട്രിക്കൽ പ്രവർത്തികൾ പിഎംസി ആയി നിർവ്വഹിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്.

2. പ്രവൃത്തി സംബന്ധിച്ച് എസ്റ്റിമേറ്റ് സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.

3.ചെയ്ത പ്രവൃത്തി അളവെടുത്ത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിന്റെയോ സൂക്ഷ്മ പരിശോധന നടത്തിയതിന്റെയോ വിവരങ്ങൾ ഫയലിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

4.പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5.കരാറിലെ ഏഴാം ഖണ്ഡിക അനുസരിച്ച് ഉപകരണങ്ങളുടെ പെർഫോർമൻസ് ഉറപ്പുവരുത്തേണ്ടത് അക്രഡിറ്റഡ് ഏജൻസിയാണ്.ആയത് ഉറപ്പ് വരുത്തിയിട്ടില്ല.

മേൽ അപാകതകളുള്ളതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക 1966509 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.27/13.12.22)

## 1-30 തെരുവു വിളക്ക് സാമഗ്രികൾ -സ്റ്റോക്കിൽ വ്യത്യാസം

നി.ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്റ്റ് : 18/22-തെരുവു വിളക്കു സാമഗ്രികൾ വാങ്ങൽ

വൗച്ചർ നം തിയതി- *22101938*/11.2.22 തുക-543200

XVFC/20 21-22/P/5 -18.3.22 തുക-1474491

22102259/30.3.22 തുക-23570

മേൽ പദ്ധതി പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും തെരുവു വിളക്കു സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. സാമഗ്രികളുടെ എണ്ണം ബിൽ പ്രകാരമുള്ളതും രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തതും തമ്മിൽ വ്യത്യാസം കാണുന്നു

| ഇനം | ഇൻവോയ്സ് | ബിൽ പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| LED Bulb | 344/26.1021<br>734/5.3.22 | 1000<br>465<br>-------<br>1465 | 1725 |
| Bulb Shade Metal | 344/26.1021<br>734/5.3.22 | 500<br>210<br>------<br>710 | 1420 |
| Aluminium Wire | 344/26.1021<br>372/5.11.21<br>734/5.3.22 | 19<br>15<br>6<br>------<br>30 | 36 |
| Ratar Holder | 344/26.1021 | 400 | 700 |

സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കേണ്ടതും അവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.29/13.12.22) മറുപടിയിൽ സാമഗ്രികൾ എന്റർ ചെയ്തതിൽ ക്ലറിക്കൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്നും ആയത് പരിഹരിച്ച് സ്റ്റോക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-31 കരാറുകൾ ആധികാരികമായി ചമക്കുന്നില്ല

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.
2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പ്രൈസ് സോഫ്റ്റ്വെയറിൽ അപാകത

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ. (എം.എസ്) 74/19 നമ്പർ ഉത്തരവിൽ5%ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂട്ടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ 7/7/12/22 )

## 1-33 ചാലിശ്ശേരി കുളം നവീകരണം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഈ കുളത്തിന് സംരക്ഷണഭിത്തി കെട്ടൽ, പടവുകൾ നിർമിക്കൽ, കുളത്തിന്റെ നടുവിലായി ആഴമേറിയ ഭാഗത്ത് ഭിത്തി കെട്ടി ചെറിയ കുളം നിർമിക്കൽ, കുളത്തിനരികിലുള്ള റോഡിൽ ഐറിഷ് ഡ്രെയിൻനിർമിച്ച് കുളം നവീകരിക്കൽ എന്നിവയാണ് പ്രൊജക്റ്റിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ.

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 284/21, 134/22, 38/23 |
| അടങ്കൽ, ഫണ്ട് | 3800000/സി. എഫ്. സി. ഗ്രാന്റ് |
| സാ.അനുമതി | LSGD/TS/2020-21/116986 /5/2/21 |
| കരാറുകാരൻ | ബിജു. കെ. ഡി. |
| കരാർ | 24/AE/LSGD/MNLR/21-22 /10/12/21 |
| അളവുപുസ്തകം | 1244, 1246 |
| ട്രഷറി ചെക്ക് നമ്പർ, തുക | 3191843/30/3/22, 1362411/ രൂപ |

അപാകതകൾ

1. നാളിതുവരെ കരാറുകാരൻ പ്രവൃത്തി തുടങ്ങിയിട്ടില്ല എന്ന് സൂചിപ്പിച്ച് 18/1/22 ന് അസി. എൻജിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 81/AE/LSGD/MNLR/2021-22 Vമ്പർ ആയി കത്ത് നൽകിയിട്ടുണ്ട്. ആയതിന്മേൽ 7/2/22 ലെ പഞ്ചായത്ത്ഭരണസമിതിയുടെ 23 ( 7 ) നമ്പർ തീരുമാനമനുസരിച്ച് ഇക്കാര്യം റെക്കോർഡ് ആക്കിയിട്ടുള്ളതാണ്. എന്നാൽ അളവുപുസ്തകം നമ്പർ 1244 അനുസരിച്ച് കരാറുകാരൻ ചെയ്ത പ്രവൃത്തികൾ 17/12/21 മുതൽ അളവെടുത്തതായും 20/12/21 മുതൽ അളവുപരിശോധന നടത്തിയിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാലയളവിൽ ടിയാൻ മണ്ണ് കുഴിച്ചെടുക്കൽ, വെള്ളം പമ്പ് ചെയ്യൽ, ഡ്രൈ റബിൾ മേസൺറി, സിമന്റ് കോൺക്രീറ്റ് പ്രവൃത്തി, സ്റ്റീൽ റീഇൻഫോഴ്സ്ഡ് സിമന്റ് പ്രവൃത്തി, എന്നിവ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 177.61 ഘനമീറ്റർ മണ്ണ് അതായത്, ഒരു യൂണിറ്റിന്റെ 59 ടിപ്പറുകളിൽ കൊള്ളാവുന്നത്രയും മണ്ണ് കുഴിച്ചെടുത്തിട്ടുമുണ്ട്. കരാറുകാരൻ നാളിതുവരെ

പ്രവൃത്തിയൊന്നും ചെയ്തിട്ടില്ല എന്ന് സൂചിപ്പിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തെഴുതിയ നിലക്ക് അളവുപുസ്തകത്തിലെ മേൽപറഞ്ഞ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ല. ഇപ്രകാരം 11/1/22 വരെ അളവ് രേഖപ്പെടുത്തലുകളും 12/1/22 വരെ അളവുപരിശോധനയും നടന്നിട്ടുള്ളതാണ്.

2. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും മേൽപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽകരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല. മേൽ കാണിച്ച പട്ടികയിൽ സൂചിപ്പിച്ച പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടിയാൻ സിമന്റ് കോൺക്രീറ്റ് പ്രവൃത്തി, സ്റ്റീൽ റീൻഫോഴ്സ്ഡ് സിമന്റ് പ്രവൃത്തി, ഡ്രൈ റബിൾ മേസൺറി പ്രവൃത്തി എന്നിവ നിർവഹിച്ചിരുന്നു.

3. പ്രവൃത്തിയുടെ മൂന്നാം ഇനമായി കുഴിച്ചെടുത്ത മണ്ണ് 130.89 ഘനമീറ്റർ അളവുപുസ്തകം 1244 പേജ് 3, 36.72 ഘനമീറ്റർ പേജ് 6, 129.24 ഘനമീറ്റർ പേജ് 22, 28.42 ഘനമീറ്റർ പേജ് 33 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തം കുഴിച്ചെടുത്തത് 325.27 ഘനമീറ്റർ മണ്ണ് ആണ്. അവസാനമായി മണ്ണ് കുഴിച്ചെടുത്ത് 19/2/22 ലാണ്. ഇപ്രകാരം കുഴിച്ചെടുത്ത മണ്ണ് സമീപത്തുള്ള വടക്കേത്തല ജോസ് മകൻ ജോഷി എന്ന സ്വകാര്യവ്യക്തിയുടെ വീട്ടുപറമ്പിൽ വാടകക്കെടുത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നും ടി മണ്ണ് ലേലം ചെയ്ത് നീക്കം ചെയ്യണമെന്നും സൂചിപ്പിച്ച് 26/9/22 ന് 60/AE/LSGD/MNLR/21-22 നമ്പർ കത്ത് പ്രകാരം അസി. എൻജിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ വിവരമറിയിച്ചിട്ടുണ്ട്.

കുഴിച്ചെടുത്ത മണ്ണ് അപ്പോൾതന്നെ ലേലനടപടികൾക്കായി ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്യാതെ ഏഴ് മാസം വാടകക്ക് എടുത്ത് സ്വകാര്യവ്യക്തിയുടെ വീട്ടുപറമ്പിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. ഇതിനിടെ ഏതാണ്ട് ഒരു മഴക്കാലം കടന്നുപോയിട്ടുണ്ട്. വാടക എത്ര കൊടുത്തു, മണ്ണിന്റെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 7 / 7/12/21 ).

## 1-34 സംശുദ്ധസേവനങ്ങൾക്ക് ജി. എസ്. റ്റി. അടവാക്കി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ,എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു.മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രൊജക്റ്റ്നം. പ്രവൃത്തി, അടങ്കൽ, ഫണ്ട്, കരാറുകാരൻ | എം.ബി | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ പ്രവൃത്തിമൂല്യം | വൗച്ചർ നം / ബിൽ നം/ ബിൽ സാങ്ഷൻ നം | തുക |
|---|---|---|---|---|---|---|
| നീർച്ചാലുകൾ വൃത്തിയാക്കൽ രണ്ടാം ഘട്ടം, 250000/രൂപ, സി. എഫ്. സി. ഫണ്ട്, | 1163 | 233362 | 11668.10 | 245030 | 328/19/3/22 | 245030/ രൂപ |

| | | | | | | |
|---|---|---|---|---|---|---|
| കെ. കെ. ഗൗതമൻ, 1163 | | | | | | |
| 59/22,നീർച്ചാലുകൾ വൃത്തിയാക്കൽ,219890, സി. എഫ്. സി. ഗ്രാന്റ്, കെ. കെ. ഗൗതമൻ | 1089/20-21 | 209261.67 | 10463.08 | 219724.75 | 234/7/2/22 | 219725/ രൂപ |

മേൽ പ്രകാരം 22131/ രൂപ കേന്ദ്ര-സംസ്ഥാനസർക്കാരുകളിലേക്ക് അടവാക്കേണ്ടിവന്നിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായി അടവാക്കേണ്ടി വന്നിട്ടുള്ളത്.

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. )

## 1-35 ലൈബ്രറി കെട്ടിടനിർണം-അപാകതകൾ

പ്രോജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 218/21, 114/22, 35/23 |
| അടങ്കൽ, ഫണ്ട് | 1600000/- ജില്ലാ പഞ്ചായത്ത് വിഹിതം<br>10000/- വികസനഫണ്ട് ജനറൽ |
| സാ.അനുമതി | LSGD/TS/2019-20/102303/20/11/19S |
| കരാറുകാരൻ | ബിജു.കെ.ഡി. |
| കരാർ | 73/AE/LSGD/MNLR/20-21/5/2/21, കാലാവധി- ആറു മാസം |
| അളവുപുസ്തകം | 552/20-21, 1165, 1116 |
| ട്രഷറി ചെക്ക് നമ്പർ, തുക | 413326/13/8/21, 230553/<br>206928/16/8/21, 228405/<br>2069932/4/1/22, 378325/ |

അപാകതകൾ

1. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ,10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും മേൽപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽകരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല.

2. പ്രവൃത്തിയുടെ വിശദമായ അടങ്കലിൽ 115000/ രൂപയുടെ വൈദ്യുതീകരണപ്രവൃത്തി വകയിരുത്തിയിരുന്നു. ജില്ലാപഞ്ചായത്ത് കാര്യാലയത്തിലെ ഇലക്ട്രിക്കൽ കമ്മിറ്റിയുടെ 2/3/22 ലെ 309/EE/Ele. Committee/21-22 നമ്പർ ഉത്തരവ് പ്രകാരം ആയതിന് സാങ്കേതികാനുമതി ലഭിച്ചു. 9/5/22 ന് നടത്തിയ ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിംസൺ ആളൂക്കാരൻ ജോസ് എന്നവരുടെ നിരക്കായ എസ്റ്റിമേറ്റിനേക്കാൾ 15.3% കുറഞ്ഞ നിരക്ക് 30/5/22 ലെ 7(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് ടിയാനുമായി കരാർ ചമച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

23/9/22 ന് ടിയാൻ അസി. എൻജിനീയർക്ക് നൽകിയ കത്തിൽ പ്രവൃത്തിസ്ഥലം സന്ദർശിച്ചപ്പോൾ വൈദ്യുതീകരണപ്രവൃത്തി താല്ക്കാലികമായി പൂർത്തീകരിച്ചതായി കണ്ടുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇപ്രകാരം ചെയ്ത പ്രവൃത്തികൾ പി.ഡബ്ളിയു. നിയമങ്ങൾക്ക് അനുസൃതമല്ലായെന്നും ടിയാൻ വ്യക്തമാക്കിയിട്ടുണ്ട്. ആയതുകൊണ്ടുതന്നെ പ്രവൃത്തിയുടെ ഉത്തരവാദിത്തം തനിക്ക് ഏറ്റെടുക്കാൻ കഴിയില്ല എന്നും ടിയാൻ സൂചിപ്പിച്ചു. ടെൻഡർ ചെയ്ത പ്രവൃത്തിയിൽ എയർ കണ്ടീഷനിങ് പ്രവൃത്തി ഇല്ലായിരുന്നുവെന്നും ചെയ്ത പ്രവൃത്തി പൂർണമായും അഴിച്ചുമാറ്റിയ ശേഷമേ തനിക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കഴിയൂ എന്നും ലൈബ്രറിയിൽ നേരത്തെ സ്ഥാപിച്ചിട്ടുള്ള എയർ കണ്ടീഷൻ പ്രവൃത്തി കൂടി എസ്റ്റിമേറ്റിൽ ഉൾപെടുത്തി പഴയ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന 12% ജി. എസ്. റ്റിക്ക് പകരം പുതിയ നിരക്കായ 18% ജി. എസ്. റ്റി കൂടി ഉൾപെടുത്തിയാലേ തനിക്ക് പ്രവൃത്തി ചെയ്യാൻകഴിയൂ എന്നും അറിയിച്ചു.

മേൽപറഞ്ഞ കാര്യം സൂചിപ്പിച്ചുകൊണ്ട് അസി. എൻജിനീയർ S0035/23 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകി. ആയതിനമേൽ 23(10/25/10/22 നമ്പർ ഭരണസമിതി തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യു നടപടികൾ സ്വീകരിക്കാൻ സി. എൻജിനീയർക്ക് നിർദേശം നൽകി. തുടർന്ന 1/11/ 22 ന് അസി. എൻജിനീയർ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്തിലെ എൽ. എസ്. ജി. ഡി. ഡിവിഷൻ എസ്റ്റിമേറ്റ് കമ്മിറ്റി ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽയിട്ടുണ്ട് തുടർവിവരം ഫയലിൽ ലഭ്യമല്ല.

കരാർ ചമക്കുന്നതിന് മുമ്പേ തന്നെ മറ്റൊരാളെക്കൊണ്ട് വൈദ്യുതീകരണപ്രവൃത്തി ചെയ്യിച്ചത് ശരിയായ നടപടിയല്ല. കൂടിയ ജി. എസ്. റ്റി നിരക്ക് ഏർപ്പെടുത്തുന്നതുമൂലവും ചെയ്ത പ്രവൃത്തി അഴിച്ചുമാറ്റുന്നതുമൂലവുമുണ്ടാകാനിടയുള്ള അധികച്ചെലവ് തെറ്റായ നടപടിക്രമം മാത്രം കൊണ്ട് സംഭവിക്കുന്നതാണ്.

3. 12/12/22 ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബസ് സ്റ്റാൻഡിലെ ട്രസ്സ് വർക്കിന്റെ പാത്തിയോട് ചേർന്നാണ് ലൈബ്രറികെട്ടിടത്തിന്റെ പാരപ്പിറ്റ് എന്ന് കണ്ടു. ഈ പാത്തിയിൽ വെള്ളം നിറയുമ്പോൾ അത് ലൈബ്രറികെട്ടിടത്തിലെ വരാന്തയിലേക്ക് പതിക്കുന്നതായും ലൈബ്രേറിയൻ സൂചിപ്പിച്ചു.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്( ഓഡിറ്റ് എൻക്വയറി നമ്പർ 19/9/12/22).

## 1-36 എസ്. സി. വ്യവസായകേന്ദ്രം-കമ്മ്യൂണിറ്റി ടോയ്‌ലറ്റ്-നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല-നഷ്ടം-1500/രൂപ

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 120/22 |
| അടങ്കൽ, ഫണ്ട് | 560000/ രൂപ, എസ്. സി. പി. ഫണ്ട് |
| നിർവഹണം | അസി. എൻജിനീയർ |
| സാ.അനുമതി | LSGD/TS/2019-20 /3454/30/1/20 |
| കരാറുകാരൻ | ബിജു.കെ.ഡി. |
| കരാർ | 74/AE/LSGD /MNLR/2020-21 /5/2/21 |
| അളവുപുസ്തകം | 550/20-21, 520/17-18 |
| ട്രഷറി ചെക്ക് നമ്പർ, തുക | 77/30/3/21, 232678/ രൂപ<br>8/22/9/21, 225696/ രൂപ |

12/12/22 ന് ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഇനം 1-34 പ്രകാരമുള്ള ബോർഡ് സ്ഥാപിച്ചതായി കണ്ടില്ല. പക്ഷെ അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം കരാറുകാരന് തുക നല്കിയിട്ടുള്ളതാണ്. ആയതിനാൽ ഈ ഇനത്തിനായി കരാറുകാരന് നൽകിയ 1500/ രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 വഞ്ചിക്കടവ് കുടിവെള്ളപദ്ധതി-ത്വരിതപ്പെടുത്തേണ്ടതും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവ്വണ ഉദ്യോഗസ്ഥനായി 2014-15 ൽ പ്രോജക്റ്റ് നമ്പർ 202/15 ആയി ഇരുപത് ലക്ഷം രൂപ എസ്റ്റിമേറ്റിൽ ആവിഷ്കരിച്ച വഞ്ചിക്കടവ് കുടിവെള്ള പദ്ധതി വിപുലപ്പെടുത്തിയതിനെ തുടർന്ന് എസ്റ്റിമേറ്റ് 6870000/ രൂപയായി ഉയർന്നു. തുടർന്ന് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടത് പ്രകാരം 2020-21 വരെ 9400000/ രൂപ നൽകിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക സംബന്ധിച്ച് 2014-15 മുതൽ 2020-21 വരെയുള്ള വിവിധ ഓഡിറ്റ് റപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

| പ്രോജക്റ്റ് നം | ബിൽ നം/ചെക്ക് നം | തുക |
|---|---|---|
| 202/15 | 48/14-15/27/3/15<br>361186/27/3/15 | 1149389/<br>850611/ |
| 153/18 | 49/17-18/27/3/18 | 1500000/ |
| 100/19 | 39/18-19/3/12/18 | 2000000 |
| 57/20 | 26/19-20/16/12/19/ | 3200000/ |
| 151/21 | 40/20-21 | 700000/ |
| ആകെ | | 9400000/രൂപ |

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് കരാറുകാർ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ബിൽ സമർപ്പിക്കുന്ന അവസരത്തിൽ ആയത് ലഭ്യമാക്കുവാൻ കേരള വാട്ടർ അതോറിറ്റിയോട് മുൻകൂട്ടിതന്നെ ആവശ്യപ്പെടേണ്ടതാണ്.
12/12/22 ൽ ഗ്രാമപഞ്ചായത്തിലെ ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കുടിവെള്ളപദ്ധതിക്കുവേണ്ടിയുള്ള കിണർ, പമ്പ് ഹൗസ് എന്നിവ പണിതിട്ടുള്ളതായി കണ്ടു. വൈദ്യുതി കണക്ഷനും എടുത്തിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല.

പദ്ധതി പൂർത്തീകരിക്കാൻ ചട്ടലമായ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 35/14/12/22).

## 1-38 ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ ചോർച്ച

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലെ ഒന്നാംനിലയിലുള്ള കോൺഫറൻസ് ഹാളിൽ ചോർച്ചയുള്ളതായി ഓഡിറ്റ് സമയത്ത് ബോദ്ധ്യപ്പെട്ടു. ഒന്നാം നിലയുടെ മേൽക്കൂരയുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ള ട്രസ്സ് മഴ മൂലം ചോർന്ന് ധാരാളം വെള്ളം കെട്ടിനിൽക്കുന്നുണ്ട്. ഇവിടെ സൂക്ഷിച്ചിട്ടുള്ള പഴയ അലമാരക്ക് അതിനാൽ തന്നെ തുരുമ്പ് പിടിക്കാനുള്ള സാധ്യത ഏറെയാണ്. മേൽക്കൂരയുടെ മറ്റ് രണ്ട് ഇടങ്ങളിലും വെള്ളം കിനിഞ്ഞിറങ്ങിയതിന്റെ അടയാളമുണ്ട്. കോൺഫറൻസ് ഹാളിന് അടുത്തുള്ള കൃഷിഭവന്റെ മുന്നിൽ മേൽക്കൂരയിലെ പ്ലാസ്റ്ററിങ് അടർന്ന് കമ്പി പുറത്തുവന്നിട്ടുള്ളതുമാണ്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ കെട്ടിടത്തിനറെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സത്വരവും ക്രിയാത്മകവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച 26/13/12/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 1-39 മരാമത്ത് പദ്ധതിപ്രവർത്തനം, പദ്ധതിച്ചെലവ്

സാമ്പത്തികവർഷം 101 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 81 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു. മൊത്തം 42178816രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 25334284 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-40 തൊഴിലുറപ്പ് പദ്ധതിപ്രവർത്തനം

സാമ്പത്തികവർഷം 880 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 360 പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചത്. 4395 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 1573 കുടുംബങ്ങൾ തൊഴിലെടുത്തു. 653 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും ജലസേചനപ്രവൃത്തികൾക്കാണ് കൂടുതൽ തുക ചെലവിട്ടത്. ഇതിനായി 24375067/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂവികസനപ്രവൃത്തികൾക്കുമാണ് കൂടുതൽ തുക ചെലവിട്ടത്. ഇവക്കായി യഥാക്രമം രൂപയും രൂപയും ചെലവഴിച്ചു. 11 റോഡുകൾ, 3 കാനകൾ എന്നിവയുള്ള പ്രവൃത്തികളും തൻവർഷം നടത്തുകയുണ്ടായി.

## 1-41 ക്വാറി മക്ക്- പ്രൈസ് സോഫ്റ്റ് വെയർ, തൊഴിലുറപ്പിനിക്ക് റേറ്റുകൾ തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഈ ഇനത്തിനുള്ള നിരക്ക് 891.01/M3 ആണെന്നിരിക്കെ തൊഴിലുറപ്പുപദ്ധതിക്ക് ഈ ഇനത്തിന് 1514.015/$m^3$ എന്ന നിരക്ക് നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ.സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ആ അപാകത പരിഹരിക്കാൻ ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-42 മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്താതെ വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റി

ഇതു സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

1. പാലാഴി വാർഡിൽ എട്ടു സെന്റ് കോളനി കോൺക്രീറ്റിങ് എന്ന പ്രവൃത്തിയിൽ 4/2/22 തൽ 2/3/22 വരെയുള്ള 8732 നമ്പർ മസ്റ്റർറോളിൽ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ 13/4/22 ലെ വേജ് ലിസ്റ്റ് പ്രകാരം അനിത വിശ്വംഭരൻ, സുധ കെ. എന്നിവർ 2500/ രൂപ വീതം വേതനം കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
2. കാഞ്ഞാണി റോഡ് മൈത്രി റോഡ് കാന നിർമാണം എന്ന പ്രവൃത്തിയിൽ 19/4/22 മുതൽ 25/4/22 വരെയുള്ള 204 നമ്പർ മസ്റ്റർറോൾ പ്രകാരം മൂന്നുപേർ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ 4330.30 രൂപ വീതം കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിന്റെ വേജ് ലിസ്റ്റ് ഫയലിൽ ഇല്ല.
3. വടക്കേ കാരമുക്ക് വാർഡിൽ രാജീവ്ജി റോഡ് ലിങ്ക് റോഡ് എന്ന പ്രവൃത്തിയിൽ26/4/22 മുതൽ 2/5/22 രെയുള്ള 429 നമ്പർ മസ്റ്റർറോൾ പ്രകാരം സിന്ധു, അമൃത എന്നിവർ യഥാക്രമം 5787.50 ,4960.50 രൂപ കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 33/14.12.22).

## 1-43 പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർറോളിൽ ഒപ്പിട്ട് വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റി

മേൽ പ്രകാരം അപാകത സംഭവിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. വാർഡ് 19 ൽ ഷാലിബാബുവിന്റെ കിണർ റീചാർജ് എന്ന പ്രവൃത്തിയിൽ അളവുപുസ്തകം നമ്പർ 1322 പേജ് 5 പ്രകാരം 24/12/21 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ നമ്പർ 7539 പ്രകാരം 13/1/22 ന് ശ്രീക്കുട്ടൻ എന്നവർ ഒപ്പ് രേഖപ്പെടുത്തി 312/ രൂപ വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റിയത് അംഗീകരിക്കാത്താതിനാൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മാമ്പുള്ളിവാർഡിൽ ഷീജയുടെ കിണർ റീചാർജ് എന്ന പ്രവൃത്തി അളവുപുസ്തകം 1321 പ്രകാരം 24/12/21ന് പ്രവൃത്തി പൂർത്തീകരിച്ചതാണ്. എന്നാൽ 7540 നമ്പർ മസ്റ്റർറോൾ പ്രകാരം 13/1/22 ന് ഒപ്പ് രേഖപ്പെടുത്തി ശ്രീക്കുട്ടൻ എന്നവർ 312/ രൂപ കൈപ്പറ്റിയത് അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

3. മാമ്പുള്ളിവാർഡിൽ വത്സല എന്നവരുടെ കിണർ റീചാർജ് എന്ന പ്രവൃത്തി 24/12/21 ന് പൂർത്തീകരിച്ച എങ്കിലും 7541 നമ്പർ മസ്റ്റർ റോൾ പ്രകാരം പേര്, ഒപ്പ് എന്നിവരേഖപ്പെടുത്താതെ 312/ രൂപ കൈപ്പറ്റിയതും ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയതും തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വേജ് ലിസ്റ്റ് ഫയലിൽ ഇല്ലായിരുന്നു.

4. തെക്കേ കാരമുക്ക് വാർഡിൽ കാരമുക്ക് കോളനി നടപ്പാത എന്ന പ്രവൃത്തി എന്ന് തുടങ്ങി എന്ന് പൂർത്തീകരിച്ചു എന്നത് അളവുപസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എങ്കിലും മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം 22/2/22 ന് തുടങ്ങിയ പ്രവൃത്തി 28/2/22 പൂർത്തിയായി. പക്ഷെ 7/7/22 മുതൽ 13/7/22 വരെയുള്ള 3787 നമ്പർ മസ്റ്റർറോളിൽ അമൃത, കൊച്ചുമോൻ, സിന്ധു എന്നിവർ ഒപ്പ രേഖപ്പെടുത്തി 4300/ രൂപ വീതം അതായത് 12900/രൂപ കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

5. തെക്കേ കാരമുക്ക് വാർഡിൽ നാലുസെന്റ് കോളനി നടപ്പാത നിർമാണം എന്ന പ്രവൃത്തിയുടെ അളവുപുസ്തകം 1446/21-22 എന്നതിൽ പ്രവൃത്തി എന്ന തുടങ്ങി എന്ന് പൂർത്തീകരിച്ചു എന്ന് രേഖപ്പെടുത്തിയിരുന്നില്ല എങ്കിലും മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം 22/2/22 ന് തുടങ്ങിയ പ്രവൃത്തി 28/2/22 പൂർത്തീകരിച്ചു. എന്നാൽ 7/7/22 മുതൽ 13/7/22 വരെയുള്ള 3788 മ്പർ മസ്റ്റർറഓൾ പ്രകാരം ഗിരീഷ് എന്നവർ ഒപ്പ് രേഖപ്പെടുത്തി 480/ രൂപ കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നമ്പർ 33/14/12/22).

## 1-44 ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്

2/2/22 ലെ സർക്കാർ കത്ത് EPA2-50/21 ത. സ്വ. ഭ. വ. കത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഒരേ തസ്തികയിൽ ഒരാളെ തൊണ്ണൂറ് ദിവസത്തിൽകൂടുതൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കരുതെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച്

ഒരാളുടെ സേവനം 90 ദിവസം പൂർത്തിയാകുന്ന മുറക്ക് യോഗ്യതയുള്ള മറ്റൊരാളെ നിയമിക്കണമെന്ന് പ്രദിപാദിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വിവരം സംബന്ധിച്ച് നൽകിയ 13/8/12/22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മൂന്ന് ഫുൾടൈം സ്വീപ്പർമാരുടെ ഒഴിവ് 2019 മുതൽ ഉണ്ടെന്നും 2020 മുതൽ ഓഫീസ് അറ്റന്റഡിന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച തസ്തികകളിൽ താഴെ വിവരിക്കുന്ന ആളുകൾ സേവനമനുഷ്ഠിക്കുന്നുണ്ട്.

| തസ്തിക | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവ്യക്തി | എന്നുമുതൽ ജോലി ചെയ്യുന്നു എന്ന വിവരം |
|---|---|---|
| ഫുൾ ടൈം സ്വീപ്പർ | ശ്രീമതി. ബീന ജോയ് | 19/4/22 |
| ,, | ,, മനീഷ | ,, |
| ,, | ശ്രീ. സിന്റോ സി. വി. | ,, |
| ഓഫീസ് അറ്റന്റൻഡ് | ശ്രീമതി. രേഷ്മ എം.എച്ച്. | 1/2/20 |

3/5/21 നം 9/12/22 നം ഒഴിവ് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ വിവരമറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ സെക്രട്ടറിമാരുടെ കോൺഫറൻസിലും ആവശ്യപ്പെടുന്ന മുറക്ക് ഗൂഗിൾ ഡ്രൈവിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ കത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളിവേതനം കൈപ്പറ്റി

മേൽ പ്രകാരം അപാകത സംഭവിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. വാർഡ് 19 ൽ ഷാലിബാബുവിന്റെ കിണർ റീചാർജ് എന്ന പ്രവൃത്തിയിൽ അളവുപുസ്തകം നമ്പർ 1322 പേജ് 5 പ്രകാരം 24/12/21 പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ നമ്പർ 7539 പ്രകാരം 13/1/22 ശ്രീക്കുട്ടൻ എന്നവർ ഒപ്പ് രേഖപ്പെടുത്തി 312/ രൂപ വിദഗ്ധതൊഴിലാളിയുടെ വേതനം കൈപ്പറ്റിയത് അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മാമ്പുള്ളിവാർഡിൽ ഷീജയുടെ കിണർ റീചാർജ് എന്ന പ്രവൃത്തി അളവുപുസ്തകം 1321 പ്രകാരം 24/12/21ന് പ്രവൃത്തി പൂർത്തീകരിച്ചതാണ്. എന്നാൽ 7540 നമ്പർ മസ്റ്റർറോൾ പ്രകാരം 13/1/22 ന് ഒപ്പ് രേഖപ്പെടുത്തി ശ്രീക്കുട്ടൻ എന്നവർ 312/ രൂപ കൈപ്പറ്റിയത് അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

3. മാമ്പുള്ളിവാർഡിൽ വത്സല എന്നവരുടെ കിണർ റീചാർജ് എന്ന പ്രവൃത്തി 24/12/21 ന് പൂർത്തീകരിച്ചു എങ്കിലും 7541 നമ്പർ മസ്റ്റർ റോൾ പ്രകാരം പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ 312/ രൂപ കൈപ്പറ്റിയതും ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയതും തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വേജ് ലിസ്റ്റ് ഫയലിൽ ഇല്ലായിരുന്നു.

4. തെക്കേ കാരമുക്ക് വാർഡിൽ കാരമുക്ക് കോളനി നടപ്പാത എന്ന പ്രവൃത്തി എന്ന് തുടങ്ങി എന്ന് പൂർത്തീകരിച്ചു എന്നത് അളവുപസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എങ്കിലും മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം 22/2/22 ന് തുടങ്ങിയ

പ്രവൃത്തി 28/2/22 പൂർത്തിയായി. പക്ഷെ 7/7/22 മുതൽ 13/7/22 രെയുള്ള 3787 നമ്പർ മസ്റ്റർറോളിൽ അമൃത, കൊച്ചുമോൻ, സിന്ധു എന്നിവർ ഒപ്പ് രേഖപ്പെടുത്തി 4300/ രൂപ വീതം അതായത് 12900/രൂപ കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

5. തെക്കേ കാരമുക്ക് വാർഡിൽ നാലുസെന്റ് കോളനി നടപ്പാത നിർമാണം എന്ന പ്രവൃത്തിയുടെ അളവുപുസ്തകം 1446/21-22 എന്നതിൽ പ്രവൃത്തി എന്ന ഉടങ്ങി എന്ന് പൂർത്തീകരിച്ചു എന്ന് രേഖപ്പെടുത്തിയിരുന്നില്ല എങ്കിലും മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം 22/2/22 ന് ഉടങ്ങിയ പ്രവൃത്തി 28/2/22 പൂർത്തീകരിച്ചു. എന്നാൽ 7/7/22 മുതൽ 13/7/22 വരെയുള്ള 3788 മ്പർ മസ്റ്റർ റോൾ പ്രകാരം ഗിരീഷ് എന്നവർ ഒപ്പ് രേഖപ്പെടുത്തി 480/ രൂപ കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം Opening Balance | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അംഗനവാടി പോഷകാഹാരം | 0 | 100000 |
| | 2021-22 | 200000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 280000 | ലൈഫ് ജനറൽ ഭവനനിർമ്മാണം (2021-22) | 0 | 280000 |
| | 2021-22 | 100000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് സബ് സിഡി | 100000 | 0 |
| | 2021-22 | 500000 | ലൈഫ് ജനറൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ 2021-22 | 0 | 500000 |
| | 2021-22 | 100000 | പെയിൻ പാലിയേറ്റീവ് പദ്ധതി | 100000 | 0 |
| | 2021-22 | 500000 | മദർതെരേസ റോഡ് കൾവർട്ട് ഡ്രെയിൻ വാർഡ് 18 | 0 | 500000 |
| | 2021-22 | 825000 | വ്യക്തിഗതഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ | 0 | 825000 |
| | 2021-22 | 225000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 225000 |
| | 2021-22 | 305500 | ബാങ്ക് കോൾറോഡ് പുനരുദ്ധാരണം | 305500 | 0 |
| | 2021-22 | 450000 | അയ്യപ്പൻകാവ് വെസ്റ്റ് നട റോഡ് കാന കല് വർട്ട് റോഡ് പുനരുദ്ധാരണം | 447501 | 2499 |
| | 2021-22 | 500000 | കോടങ്കണ്ടത്ത് ലിങ്ക് റോഡ് വാർഡ് 8 | 0 | 500000 |
| | 2021-22 | 800000 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 0 | 800000 |
| ജില്ലാപഞ്ചായത്ത് | 2021-22 | 300000 | അംഗനവാടി പോഷകാഹാരം | 0 | 300000 |
| | 2021-22 | 400000 | ശാരീരികമാനസിക വെല്ലുവിളി | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | 2021-22 | 100000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി | 100000 | 0 |
| | 2021-22 | 500000 | ലൈഫ് ജനറൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ 2021-22 | 0 | 500000 |
| | 2021-22 | 300000 | പെയിൻ പാലിയേറ്റീവ് പദ്ധതി | 300000 | 0 |
| | 2021-22 | 1500000 | ആനക്കാട് തിണ്ടാത്ത് ലിങ്ക് റോഡ് കോൺ ക്രീറ്റിംഗ് വാർഡ് 4 | 1500000 | 0 |
| | 2021-22 | 30000 | അഗതിരഹിതകേരളം ആശ്രയ | 30000 | 0 |
| | 2021-22 | 199947 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങള് | 199947 | 0 |
| | 2021-22 | 150000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്ന് വാങ്ങൽ | 0 | 150000 |
| | 2021-22 | 1426551 | പഞ്ചായത്ത് ലൈബ്രറി കെട്ടിടനിർമ്മാണം | 1426551 | 0 |
| | 2021-22 | 32800 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 32800 | 0 |
| | 2021-22 | 36800 | ബയോഫ്ലോക്ക് മത്സ്യക്യഷി | 36800 | 0 |
| | 2021-22 | 875000 | ലൈഫ് എസ് സി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ | 0 | 875000 |
| | 2021-22 | 1200000 | ശങ്കരനാരായണൻ റോഡ് വാർഡ് 3 | 967056 | 232944 |
| | 2021-22 | 800000 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 0 | 800000 |
| | 2021-22 | 3500000 | 2021-22 മമലൂർ പഞ്ചായത്ത് എസ് സി വ്യവസായ കേന്ദ്രത്തിൽ കമ്മ്യൂണിറ്റി ഹാൾ സംയോജിതം | 0 | 3500000 |
| | 2021-22 | 800000 | 2021-22 മണലൂർ പഞ്ചായത്തിൽ കിണർ റിചാർജ്ജിംഗ് മഴ പൊലിമ | 0 | 800000 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2021-22 | 1374685 | ചാലിശ്ശേരി കുളം നവീകരണം | 1374685 | |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ടി വിവരങ്ങൾ വാർഷിക കണക്കില B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4-2 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (ഹെഡ്കൊ)/ KURDFC | ജി ഒ(എം.എസ്)നം. 68/2018/ എൽ എസ് ജി ഡി, തീ.18.05.2018 | 8840000 | 7344000 | 100000 | 7444000 | 1232000 | 6212000 |
| കടിൽ രഹിത ഗ്രാമം | No.2133/DB 10150LSGD, Dt.16.02.2015 | 10000000 | 3240000 | 0 | 3240000 | 1000000 | 2240000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (20000+19686829 + 1064) | 19707893 | |
| തൻവർഷം നിക്ഷേപിച്ച തുക | 2066516(പലിശ)* | |
| ആകെ | 21774409 | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21774409 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| Co Operative Institution | | 20000 |
| FD | | 21753345 |
| Other Investment - Canara | | 1064 |
| ആകെ | | 21774409 |

*ലോണിലേക്ക് ക്രമീകരിച്ച തുക - 286967

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | : | 9,49,70,870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,06,75,955 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2436 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1966509 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 1500 | ഇഖ്ബാൽ പി.എ ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | 936 2021-22 (വർഷത്തേതു മാത്രം | ശ്രീനിവാസൻ എം.ബി , (അസിസ്റ്റന്റ് സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| 1-29 | 1966509 | ശ്രീനിവാസൻ എം.ബി , സെക്രട്ടറി-ഇൻ-ചാർജ്ജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. എ. ഇക്ബാൽ, അസി. എൻജിനീയർ | അസി. എൻജിനീയർ, മണലൂർ ഗ്രാമപഞ്ചായത്ത് | പുതിയവീട്ടിൽ ഹൗസ്., കിഴപ്പിള്ളിക്കര പി. ഒ. |
| ശ്രീ.എം.ബി.ശ്രീനിവാസൻ, അസി. സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് വിങ് കൈപ്പമംഗലം | മേൽ വീട്ടിൽ വീട്., ആലപ്പാട്ട് പി. ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT.15-1549/98 31.05.99/05.10.99 | 47 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19(1-6), | |

| | | | | | |
|---|---|---|---|---|---|
| | | | | 20(1-3), 21, 22, 22(1), 22(2), 22(3), 22(4), 22(5), 22(6), 22(7), 22(8), 22(9), 22(10), 22(11), 22(12), 22(13), 22(14), 22(15), 22(16), 22(17), 22(18), 22(19), 22(20), 22(21), 22(22), 22(23), 22(24), 22(25), 22(26), 22(27) | |
| 2 | 1998-99 (ചെലവ്) | LFT.15-188/01 Dt.17.04.01/6.6.01 | 47 | 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 29, 30, 31, 32, 34, 35, 36, 37, 38, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 53, 54, 55 | 21- CAR<br>35- CAR |
| 3 | 1999-00 | LFT-11-625/04 Dt.27.11.2004 | 3 | 3, 4, 5 | |
| 4 | 1999-00, 2000-01, 2001-02 (ജനകീയാ-സൂത്രണം) | LFT.11-1249/03 Dt.20.02.2004 | 21 | 3, 4, 5, 6, 7, 8, 9(എ), 9(ബി), 9(സി), 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21 | 4-CAR |
| 5 | 2000-01 | LFT.11.1546/05 Dt.17.01.06/17.07.06 | 3 | 2-3(CAR), 3-1, 3-2(CAR) | 2-3 CAR<br>3-2 CAR |
| 6 | 2001-02 | LFT.11.1547/05, Dt.18.01.06/14.08.06 | 2 | 2-2(CAR), 3-2 | 2-2 CAR |
| 7 | 2002-03 | LFT.11-1919/06 Dt.15.03.07/6.10.07 | 1 | 3-3(ബി) | |
| 8 | 2003-04 | LFT.11-1389/08 Dt.03.08.09 | 6 | 2-2(എ), 2-2(ബി), 3-4, 3-6(3), 3-9, 3-13 | |
| 9 | 2004-05 | LFT.11-1390/08 Dt.03.08.09 | 9 | 2-2, 2-3, 3-3, 3-5, 3-6, 3-8, 3-9, 3-11, 3-12 | |
| 10 | 2005-06 | LFT.11-1603/09 Dt.18.08.10/ 31.01.11 | 8 | 2-1(2), 3-1, 3-4, 3-6, 3-7(1), 3-7(2), 3-8, 3-13 | |
| 11 | 2006-07 | LFT.11-1604/09 Dt.19.08.10 | 13 | 2-1(4,5), 2-2, 3-1, 3-3, 3-4(CAR), 3-5(CAR), 3-6, 3-7, 3-11, 3-12, 3-14, 3-15, 3-16 | 3-4 CAR<br>3-5 CAR |
| 12 | 2007-08 | LFT.P2-1607/11 Dt.08.03.12 | 14 | 2-2(എ,ബി), 3-1, 3-4, 3-5, 3-6, 3-10, 3-11, 3-13, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-14, 3-15, 3-16, 3-17, 3-21, 3-22 | |
| 13 | 2008-09 | LFT.P2-1608/11 Dt.09.03.12 | 12 | 2-6എ)(1,2,3,4,5,8, 9,13,17) | |
| | | | | 3-1, 3-3, 3-4, 3-6, 3-9, 3-10(1,2), 3-12, 3-14, 3-15, 3-16, 3-17 | |
| 14 | 2009-10 & 2010-11 | LFT.P2-1600/12 Dt.24.11.12/ 2.3.12 | 7 | 2-7(എ), 3-3, 3-4, 3-5, 3-6(2,7,8,9,10,11, 12,13), 3-7(CAR), 3-8 | 3-7 CAR |
| 15 | 2011-12 | LFT.P2-1676/13, Dt.03.04.14/ 07.08.14 | 8 | 2-7, 3-1, 3-4, 3-6, 3-7, 3-10, 3-11(3,4,5),3-13 | 3-1 CAR |
| 16 | 2012-13 | LFT.P2-1701/04 Dt.4.2.15/10.6.15 | 3 | 3-4, 3-11(3,5), 3-13 | |
| 17 | 2013-14 | KSA.TSR(P2)1689/15 Dt.22.12.15/ 08.01.16 | 5 | 2-3(i-ii), 2-3(2-iv), 2-6(i,ii,iii), 3-2, 3-16 | |
| 18 | 2014-15 | KSA.TSR(P2)1196/16 Dt.22.7.16 | 7 | 2-2, 2-4, 3-1, 3-9, 3-10, 3-11, 3-16 | 2-2 CAR 2-4 CAR |
| 19 | 2015-16 | KSA.TSR(P2)40/2017 Dt.30.01.17 | 2 | 2-6, 3-11(SH) | 3-11 SCH |
| 20 | 2016-17 | KSA.TSR(P2)1717/17 Dt.30.11.17/06.01.18 | 8 | 2-1(i,ii)-CAR 2-2, 2-3, 3-1, 3-5, 3-7, 3-11, 3-13(3,4) | 2-1 CAR |
| 21 | 2017-18 | KSA.TSR(P2)254/19 Dt.17.06.19 | 10 | 2-1, 2-4, 2-6, 2-7, 2-8, 3-1, 3-3, 3-4, 3-6, 3-8 | |
| 22 | 2018-19 | KSA.TSR(P2)1463/2019 Dt:07.12.19 | 17 | 1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27, | |
| 23 | 2019-20 | KSA.TSR(P9)946/2022 Dt 05/07/2022 | 47 | 1-10,1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42,1-43,1-44,1-45, 1-46,1-47,1-48,1-49,1-50, 1-51,1-52,1-53,1-54,1-55,1-56 | |
| 24 | 2020-21 | KSA.TSR(P9)943/2022 Dt 05/07/2022 | 51 | 1-10,1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-26,1-27,1-28,1-29,1-30,<br>1-31,1-32,1-33,1-34,1-35,<br>1-36,1-37,1-38,1-39,1-40,<br>1-41,1-42,1-43,1-44,1-45,<br>1-46,1-47,1-48,1-49,1-50,<br>1-51,1-52,1-53,1-54,1-55,<br>1-56,1-57,1-58,1-59,1-60 | |
| | ആകെ | | 351 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്